## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമങ്ങൾ

## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം

**(ഹാജർ : എസ്.സിദ്ധാർത്ഥൻ)**

വിഷയം - കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർ തസ്തികയിൽ തസ്തികമാറ്റം മുഖേന ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം -
1) സർക്കാർ ഉത്തരവ് നം.ജി.ഒ(എം.എസ്) 1124/63/അഗ്രി. തീയതി 27.12.1963.
2) എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 24.04.2017 ലെ ഇ(3) 2981/17-ാം നമ്പർ കത്ത്.
3) കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 06.09.2016 ലെ ഇ(2) 6101/2016-ാം നമ്പർ കത്ത്.
4) ഈ കാര്യാലയത്തിലെ 11.08.2016 ലെ എസ്.എച്ച് (1) 32106/16-ാം നമ്പർ സർക്കുലർ.
5) ഈ കാര്യാലയത്തിലെ 14.01.2017 ലെ എസ്.എച്ച് (1)32106/16-ാം നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ. എസ്.എച്ച് (1)250/17 തീയതി 31.07.2017.

എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ ഒരു ഒഴിവ് ഉണ്ടെന്നും പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ നിയമനം നൽകുന്നതിനുവേണ്ടി വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന നിയമനം നല്കുവാൻ പരാമർശം (1)ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നല്കുവാൻ താത്പര്യമുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ആയതിൽ രണ്ട് പേർക്ക് പരാമർശം (5) പ്രകാരം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

തുടർന്നുള്ള രണ്ട് അപേക്ഷകരിൽ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റത്തിന് അർഹതയുള്ളത് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.മനോജ്.എം.വി. യാണ്. ടി ജീവനക്കാരനെ പരാമർശം (2) പ്രകാരം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ ഒഴിവുള്ള ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ 17,500 – 39,500 എന്ന ശമ്പള സ്കെയിലിൽ കെ.എസ്. & എസ്.എസ്.ആർ ചട്ടം 31 A പ്രകാരം താത്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടി ജവനക്കാരൻ തുടർച്ചയായ 2 വർഷകാലയളവിൽ ഒരു വർഷത്തെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കേണ്ടതാണ്.

ടി ജീവനക്കാരനെ ബന്ധപ്പെട്ട മേലധികാരികൾ നിലവിലെ ഡ്യൂട്ടിയിൽ നിന്ന് വിട്ടുതൽ ചെയ്യേണ്ടതും വിടുതൽ/ജോലിയിൽ പ്രവേശിച്ച വിവരങ്ങൾ യഥാക്രമം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

<u>സ്വീകർത്താവ്</u>

ശ്രീ.എം.വി.മനോജ്.

പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോട്ടയം (മേലധികാരി മുഖേന)

<u>പകർപ്പ്</u>

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, കോട്ടയം.
2) പ്രിൻസിപ്പൽ കൃഷി ഓഫീസർ, എറണാകുളം.
3) സേവന പുസ്തകം (ബന്ധപ്പെട്ട ജീവനക്കാരന്റേത്)
4) കരുതൽ ഫയൽ 2017 / അധികം.

✓ 5) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (I.T. സെൽ) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

JR. SUPERINTENDENT
Directorate of Agriculture Development
and Farmers Welfare Department
Vikas Bhavan, Tvm-33